(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി5/2107/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.
ഫോൺ: 04952371012
ഇ-മെയിൽ: dokkd.ksad.kerala.gov.in

തീയതി:30-11-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഏറാമല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഏറാമല ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി/പി5/2107/2016 തീയ്യതി: 30-11-2016

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ

2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.കെ.കെ.സതീഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.11.2016 മുതൽ 17.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.കെ.സതീഷ് കുമാർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബാലമ്പ്രത്ത് ബേബി | 1.4.2015 മുതൽ 31.10.2015 വരെ |
| | എം.കെ.ഭാസ്കരൻ | 12.11.2015 മുതൽ 31.03.2016 വരെ |
| | ശ്രീ.ദിനേശൻ.എം | 1.04.2015 മുതൽ 22.05.2015വരെ |
| സെക്രട്ടറി | ശ്രീ.ശശികുമാർ.കെ.കെ, (സെക്രട്ടറി,ഇൻചാർജ്ജ്) | 1) 22.05.2015മുതൽ 26.07.2015വരെ<br>2) 01.12.2015 മുതൽ 31.03.2016വരെ |

| | | |
|---|---|---|
| | ശ്രീ.അനീഷ്.എ.കെ, സെക്രട്ടറി | 27.07. 2015 മുതൽ 30.11.2015വരെ |

നിർവ്വഹണോദ്യാഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശശികുമാർ.കെ.കെ | 01.04.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീന.സി.എം | 01.04.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.നിഷാന്ത്.കെ.രാമൻ | 01.04.2015 മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജ്ഞാനേന്ദ്രസിങ്.ടി | 01.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.മോഹൻ | 01.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.സാഹിറ.വി.ബി | 01.04.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ബിന്ദു രാജൻ.എൻ.എം | 01.04.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വസന്തറാണി.യു | 01.04.2015 മുതൽ 31.3.2016 വരെ |
| വി ഇ ഒ (കുന്നമ്മക്കര സർക്കിൾ) | ശ്രീ.മഹേഷ്.എം.എസ് | 01.04.2015 മുതൽ 31.3.2016 വരെ |
| വി ഇ ഒ(ഓർക്കാട്ടേരി സർക്കിൾ) | ശ്രീമതി.പ്രത്യുഷ രാജ്.പി.വി | 01.04.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-1 | |
| 12 | തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 | |
| 13 | മുറിവാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല | 2-3 | |
| 14 | ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 2-4 | |
| 15 | രശീത് പിരിവിലെ അപാകതകൾ | 2-5 | |
| 16 | വിനോദ നികുതിയിനത്തിലെ വരുമാനം നാമമാത്രം | 2-6 | |
| 17 | പരസ്യനികുതി ബൈലോ പാസാക്കിയില്ല | 2-7 | |
| 18 | കെട്ടിടനിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടലംഘനം | 2-8 | |
| 19 | സേവനനികുതി ഈടാക്കുന്നില്ല. | 2-9 | |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | നോൺ അവെയ്‌ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങി | 3-1 | |

| | | | |
|---|---|---|---|
| 21 | ആവശ്യമായതിലധികം മേശയും കസേരയും വാങ്ങി | 3-2 | |
| 22 | ചെലവിനേക്കാൾ അധികം പിൻവലിച്ച തുക തിരിച്ചടച്ചിട്ടില്ല | 3-3 | |
| 23 | ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 3-4 | |
| 24 | പൊതുമരാമത്ത് പ്രവർത്തികളുടെ ബാഹുല്യം - പദ്ധതികൾ പാഴാകുന്നു | 3-5 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തീയതിയിൽ 36 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2016 തിയതിയിലെ 33/2016 തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 22-07-2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15-11-2016 | അനുബന്ധമായി പുറപ്പെടുവിച്ചു. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 45097500.53 |
| വരവ് | 39443366 |
| ആകെ | 84540866.53 |
| ചെലവ് | 58299929 |
| നീക്കിയിരിപ്പ് | 26240937.53 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 913253 | 1925617 | 8961627 | 8961627 | 0 | 100 | (+)6122737 |
| വികസനഫണ്ട് എസ്.സി.പി. | 2296044 | 1362454 | 3658498 | 1462454 | 0 | 100 | (-) 2196044 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 6338863 | 2607275 | 8946138 | 8946138 | 0 | 100 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1398077 | 2034210 | 3432287 | 3432287 | 0 | 100 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3168034 | 4600817 | 7768851 | 5742138 | 0 | 100 | (-)2026713 |
| പെർഫോമൻസ് ഗ്രാന്റ് | 3120000 | 1464705 | 4584705 | 2684705 | 0 | 100 | (-)1900000 |
| എം.എൻ.ആർ.ഇ.ജി.എസ്. | 69365 | 5444021 | 5513386 | 5508431 | 4955 | 99.91 | |
| ബി ഫണ്ട് | 0 | 37614902 | 37614902 | 37614902 | 0 | 100 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | | 115 | | 54 | 38 | 55.55 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.45 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5217601 | 4617496 | (-)600105 |
| നികുതിയേതര വരവുകൾ | 948313 | 1897161 | (+) 948848 |
| ആകെ | 6165914 | 6514657 | (+) 348743 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 313560 | 240 |
| കർഷകതൊഴിലാളി പെൻഷൻ | 7250910 | 1423 |
| വിധവാപെൻഷൻ | 12336640 | 1465 |
| വാർദ്ധക്യകാലപെൻഷൻ | 12787830 | 2442 |
| വികലാംഗപെൻഷൻ | 2520735 | 267 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 838440 | 98 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 690000 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2016 ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17510 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഏപ്രിൽ 2016 | ഏപ്രിൽ 2016 | എ-10-11537/16 തീ.28.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.7.2004 മുതൽ 5.8.2004 വരെ | 1997-98 മുതൽ 2003-2004 വരെ | എൽ.ബി.എ(എച്ച്.ക്യൂ)111/8എ-702/186 തീ.12.10.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കുകൾ പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.
3. ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
4. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെയുള്ള പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.
5. വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളുടെ ഐടി,വാറ്റ്,ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.
6. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
7. കെട്ടിട നികുതി വേക്കൻസി റെമിഷൻ, റൈറ്റ് ഓഫ് രജിസ്റ്റർ,പൊളിച്ചുമാറ്റിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ എന്നിവയിലെ കണക്കുകൾ കെട്ടിട നികുതി ഡിമാന്റ് രജിസ്റ്ററുമായും വാർഷിക ധനകാര്യപത്രികയിലെ

കണക്കുകളുമായും പൊരുത്തപ്പെടുന്നില്ല.

## 2-2 തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഏറാമല പോസ്റ്റ് ഓഫീസിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.കെ.എസ്.ഇ.ബി യിൽ നിന്നും സ്ഥാപനനികുതി ഈടാക്കുന്നില്ല.

2) പഞ്ചായത്തിൽ രണ്ട് മുതൽ ഏഴ് വരെ ജീവനക്കാർ ജോലിചെയ്യുന്ന ഒന്നിലേറെ സ്ഥാപനങ്ങളുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങളെ ഡിമാന്റ് ചെയ്ത് സ്ഥാപന രജിസ്റ്റർ കാലികമാക്കുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് 14-11-2016 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് അപാകതകൾ പരിഹരിക്കുമെന്ന് മറുപടി തന്നിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 മുറിവാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല

വാടക ഡിമാന്റ് രജിസ്റ്റർ, ലേലം ഡയറി എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഏറാമല സർവ്വീസ് സഹകരണ ബാങ്കിന് വാടകക്ക് നൽകിയ 8/435എ നമ്പർ മുറിക്ക് 750 രൂപയാണ് മാസവാടക ഈടാക്കുന്നത്.വാടകയിൽ വർഷങ്ങളായി വാർഷിക വർദ്ധന വരുത്തിയിട്ടില്ല.ഇതേ കെട്ടിടത്തിലെ ഇതേ മുറിയുടെ വിസ്തീർണ്ണമുള്ള മറ്റൊരു മുറിക്ക് 4200 രൂപ നിരക്കിൽ വാടക ഈടാക്കുന്നുണ്ട്. വാടകയിൽ വർദ്ധനവ് വരുത്താത്തത് മൂലം പഞ്ചായത്തിന് ഏറ്റവും കുറഞ്ഞത് 3450 രൂപ മാസവരുമാനത്തിൽ നഷ്ടമുണ്ടാകുന്നുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് 14-11-2016 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാർഷികവർദ്ധനവ് ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത തീരുമാനം സംബന്ധിച്ച രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ മുറിയുടെ വാടക പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഡി&ഒ ലൈസൻസ് അപേക്ഷകൾ ഭൂരിഭാഗവും പൂർണ്ണമായും പൂരിപ്പിക്കാത്തവയും വിറ്റുവരവ് രേഖപ്പെടുത്താത്തവയുമാണ്.അപേക്ഷകളിൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർ വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ല ലൈസൻസ് ഫീ നിശ്ചയിക്കുന്നത്.

2) പഞ്ചായത്തിൽ മൊത്തം 2015-16 വർഷം 575 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.എന്നാൽ 30 അപേക്ഷകർ മാത്രമാണ് ലൈസൻസിന് മുൻകൂറായി അപേക്ഷ സമർപ്പിച്ചത്.

3) വൃന്ദ ദിനേഷ് കുറുപ്പ് എന്നവരുടെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി പത്രമില്ലാതെയാണ് പ്രവർത്തിക്കുന്നത്.

4) പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 14-11-2016 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് അപാകതകൾ പരിഹരിക്കുമെന്ന് മറുപടി തന്നിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 രശീത് പിരിവിലെ അപാകതകൾ

രശീത് ബുക്കുകൾ, സാംഖ്യ രശീതുകൾ , കളക്ഷൻ രജിസ്റ്ററുകൾ,നിർവ്വഹണ ഉദ്യോഗസ്ഥരുടെ കളക്ഷൻ

രജിസ്റ്ററുകൾ, രശീതുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) സാംഖ്യ രശീതുകളുടെ വരവ് മാത്രമെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുള്ളു.രശീതുകൾ ഫ്രണ്ട് ഓഫീസിലേക്ക് അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങളൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.

2) കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ ദിവസത്തെയും കളക്ഷന്റെ സംക്ഷിപ്തം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്.

3) വെറ്ററിനറി സർജൻ രശീത് ബുക്കുകൾ, ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാതെയാണ് രശീതുകൾ അനുവദിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 14-11-2016 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 വിനോദ നികുതിയിനത്തിലെ വരുമാനം നാമമാത്രം

വിനോദ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

തിയേറ്ററിൽ ഭൗതിക പരിശോധന നടത്തുകയോ തിയറ്റർ ചെക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.ഭൂരിഭാഗം സിനിമകളുടെയും ഷോകൾക്ക് മൂന്നും നാലും ടിക്കറ്റുകളുടെ വിനോദനികുതി മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. സെൻട്രൽ പിക്ചേഴ്സ് കോട്ടയം വിതരണം ചെയ്ത എന്ന് നിന്റെ മൊയ്തീൻ എന്ന സിനിമ 29.12.2015 മുതൽ 28.01.2016 വരെ 31 ദിവസം 3 ഷോ വീതം ഇന്ദിര തീയേറ്ററിൽ കളിച്ചിട്ടുണ്ട്.381 സീറ്റുകളാണ് ഇന്ദിര തീയേറ്ററിലുള്ളത്. എന്നാൽ പ്രസ്തുത സിനിമയുടെ 93 പ്രദർശനങ്ങൾക്ക് 619 ടിക്കറ്റുകളുടെ വിനോദ നികുതി മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.ഇത് പ്രകാരം ഒരു പ്രദർശനത്തിന് ശരാശരി 7 ൽ താഴെ ആളുകൾ മാത്രമാണ് ഈ സിനിമ കണ്ടിരുന്നത് . അസാധാരണമായ ഈ സാഹചര്യത്തിൽ പോലും തീയറ്ററിൽ ഭൗതിക പരിശോധന നടത്താൻ പഞ്ചായത്ത് തയ്യാറായിട്ടില്ല..

തിയേറ്ററിൽ ഭൗതിക പരിശോധന നടത്തുകയോ തിയറ്റർ ചെക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സെക്രട്ടറി മറുപടി തന്നിട്ടില്ല.അപാകതകൾ പരിഹരിച്ച് വിനോദ നികുതിയിനത്തിലെ വരുമാനം ഉറപ്പ് വരുത്തേണ്ടതാണ്.

## 2-7 പരസ്യനികുതി ബൈലോ പാസാക്കിയില്ല

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ പരസ്യപലകയിൻമേലോ എടുപ്പിൻമേലോ അതിന്റെ മുകളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പരസ്യനികുതി ഈടാക്കാവുന്നതാണ്.ഇതിനായി നിരക്കുകളും മറ്റു കാര്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ ബൈലോ പഞ്ചായത്ത് തയ്യാറാക്കേണ്ടതും ബൈലോക്ക് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്.ധാരാളം കച്ചവടസ്ഥാപനങ്ങളുള്ള പഞ്ചായത്ത് താലൂക്കിലെ പ്രധാന വിപണന കേന്ദ്രങ്ങളിലൊന്നാണ്.പരസ്യ നികുതി ഈടാക്കുന്ന പക്ഷം പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകും.എന്നാൽ ഏറാമല ഗ്രാമപഞ്ചായത്ത് ഓഡിറ്റ് തിയ്യതി വരെ ബൈലോ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 കെട്ടിടനിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടലംഘനം

കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ ,അസസ് മെൻറ് രജിസ്റ്റർ ,അപേക്ഷകൾ എന്നിവ പരിശോധിച്ചു.അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. രജിസ്റ്ററുകളുടെയും അപേക്ഷകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല.24 അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും 7 അപേക്ഷകൾ മാത്രമെ ലഭ്യമാക്കിയുള്ളൂ.പരിശോധനക്ക് ലഭ്യമായ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ അഹമ്മദ്

ഹാജി പടിഞ്ഞാറയിൽ (അപേക്ഷാനമ്പർ 2443/2015-16), ഗോകുലം ഗോപാലൻ (അപേക്ഷാനമ്പർ 5518/ 2015-16) എന്നിവർക്ക് നഞ്ചഭൂമിയിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണത്തിന് ലൈസൻസ് അനുവദിച്ചതായി കാണുന്നു. അഹമ്മദ് ഹാജി പടിഞ്ഞാറയിൽ എന്നവരുടെ അപേക്ഷയിൽ നഞ്ച കമ്മറ്റി പരിശോധന നടത്തി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.എന്നാൽ പ്രസ്തുത കെട്ടിടം വാണിജ്യാവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണ്.നഞ്ചകമ്മറ്റി സ്ഥലപരിശോധന നടത്തുമ്പോൾ വിശദമായ മഹസ്സർ തയ്യാറാക്കുന്നില്ല.

കെട്ടിടനിർമ്മാണ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പരിഗണിക്കാതെയാണ് കെട്ടിടനിർമ്മാണ അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-9 സേവനനികുതി ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.27 പ്രകാരം പഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം.29 പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചില്ല. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജ്ജനം | 36195 |
| തെരുവ് വിളക്ക് കത്തിക്കൽ | 714062 |
| ജലവിതരണം | 27640 |
| ഡ്രെയിനേജ് | 7670 |
| ആകെ | 785567 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

പ്രൊജക്ട് നമ്പർ : 81/2016 -ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 500000 (ഗ്രാമപഞ്ചായത്ത് വിഹിതം-400000, ബ്ലോക്ക് വിഹിതം- 100000 )
ചെലവ് : 500000

പ്രൊജക്ട് നമ്പർ 81/2016 ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം നാല് ലക്ഷം രൂപയും (ബിൽ നം-25/2015-16) ബ്ലോക്ക് വിഹിതം ഒരു ലക്ഷം രൂപയും ( ഡി.ഡി.നം 285819, തീയതി 03-03-2016) കൂടി ആകെ അഞ്ച് ലക്ഷം രൂപയ്ക്ക് ഔഷധിയിൽ മരുന്ന് വാങ്ങിയിട്ടുണ്ട്.എന്നാൽ മരുന്ന് വാങ്ങുന്നതിന് മുന്നോടിയായ് ആയുർവ്വേദ ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16-11-2013 ലെ ജി.ഒ(എം.എസ്) 362/13 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധന 7-4 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നില്ല.

നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് 11-11-2016 ന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധന ലംഘിച്ച് മരുന്ന് വാങ്ങിയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച അഞ്ച് ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 ആവശ്യമായതിലധികം മേശയും കസേരയും വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി
പ്രൊജക്ട് നം- 9/16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ / ബുക്ക് ഷെൽഫ് വിതരണം
അടങ്കൽ - 128000

ചെലവ് - 36938

പട്ടികജാതിയിൽപെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനസൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 ൽ നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റീൽ ഫർണ്ണിച്ചർ , ബുക്ക് ഷെൽഫ് വിതരണം ചെയ്യൽ (പ്രൊജക്ട് നം.9/16 ) എന്ന പദ്ധതി നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1)ഈ പദ്ധതിപ്രകാരം കോഴിക്കോട് ഒളവണ്ണയിലുള്ള ഫിഡ്കോ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ഒന്നിന് 3221 രൂപ നിരക്കിൽ 10 സ്റ്റീൽ മേശകളും ഒന്നിന് 473 രൂപക്ക് 10 പ്ലാസ്റ്റിക്ക് കസേരകളും (ഇൻവോയ്സ് നം. 195, തീയതി 5-3-2016) വാങ്ങിയെങ്കിലും രേവത്ത്കുമാർ, ആൽവിൻ.സി.കെ.,അഭിഷേക്.കെ.കെ, ആര്യ കെ.കെ, വിഷ്ണു.കെ.കെ.,സാന്ദ്രാമനോജ്, ശ്രദ്ധ ടി.കെ, അമൃതദേവ് എന്നീ 8 വിദ്യാർത്ഥികൾക്കുമായ് 8 മേശയും 8 കസേരയും മാത്രമാണ് വിതരണം ചെയ്തത്. ഇതു സംബന്ധിച്ച് 09-11-2016 ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 4 ന് നിർവ്വഹണോദ്യഗസ്ഥൻ നൽകിയ മറുപടിയിൽ 10 അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കി മേശയും കസേരയും വാങ്ങിയതാണെന്നും പിന്നീട് സൂക്ഷ്മപരിശോധനയിൽ 2 അപേക്ഷകർ പട്ടികജാതിയിൽ ഉൾപ്പെടുന്നില്ലെന്ന് കണ്ടതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാക്കി ബാക്കി വന്ന 2 കസേരയും മേശയും ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഈ വർഷം പദ്ധതി തയ്യാറാക്കി അവ വിതരണം ചെയ്യുന്നതുമാണെന്നാണ് വിശദീകരിച്ചിരിക്കുന്നത്.

ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്താതെ പദ്ധതി തയ്യാറാക്കി ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങാനിടയായത് നിർവ്വഹണോദ്യോഗസ്ഥന് പറ്റിയ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിതരണം ചെയ്യാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന 2 മേശ 2 കസേര എന്നിവയുടെ വിലയായ 7388 രൂപ പ്രാഥമിക പരിശോധന നടത്താൻ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 7388 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ചെലവിനേക്കാൾ അധികം പിൻവലിച്ച തുക തിരിച്ചടച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

പ്രൊജക്ട് നം : 14/16- കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം നൽകൽ
അടങ്കൽ- 417600

ബിൽ നം. 7/15-16 Dt.31.03.2016 തുക – 403200

ചെക്ക് നം. 0748237 Dt. 31.03.2016 തുക- 14400

കൃഷി ഓഫീസർ 2015-16 ൽ നടപ്പിലാക്കിയ കൂമ്പുചീയൽ രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം നൽകൽ എന്ന പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) കൂമ്പുചീയൽ വന്നു നശിച്ച 720 തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ നിരക്കിൽ ധനസഹായവും 20 രൂപ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 80 രൂപ നിരക്കിൽ തെങ്ങിൻ തൈയും വിതരണം ചെയ്യുക എന്നതാണ് ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. ട്രഷറിയിൽ നിന്നും പിൻവലിച്ച 403200 രൂപയും ഗുണഭോക്തൃവിഹിതമായി ലഭിച്ച 14400 രൂപയും കൂടി ആകെ 417600 രൂപ വരവുണ്ടെങ്കിലും 329 കർഷകരുടെ 720 തെങ്ങുകൾ വെട്ടിമാറ്റിയതിനുള്ള ധനസഹായമായ 360000 രൂപയും തിക്കോടിയിലെ സർക്കാർ വക കോക്കനട്ട് നഴ്സറിയിൽ നിന്നും 75 രൂപ നിരക്കിൽ വാങ്ങിയ 720 തെങ്ങിൻ തൈയുടെ വിലയായ 54000 രൂപയും കൂടി ആകെ 414000 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്നത്.പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച തുകയിൽ ബാക്കിവന്ന 3600 രൂപ ചെലവഴിച്ചതിന്റെയോ തുക തിരിച്ചടച്ചതിന്റെയോ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 4 ന് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല.ആവശ്യത്തിലധികമായി പിൻവലിച്ച 3600 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

2) 10 സെന്റ് മുതൽ 5 ഏക്കർ വരെ സ്ഥലമുള്ള കർഷകർക്ക് ധനസഹായം വിതരണം ചെയ്യുന്ന പദ്ധതിയിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന നികുതി രശീതുകളിൽ വളരെ കുറച്ച് മാത്രമാണ് 2015-16 വർഷത്തെ നികുതി ഒടുക്കിയത്. 2012-13,2013-14,2014-15 വർഷങ്ങളിലെ നികുതി രശീത് ഹാജരാക്കിയവർക്കും ധനസഹായം അനുവദിച്ചതായി കാണുന്നു. കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ ഏറ്റവും പുതിയ നികുതി ശീട്ട് ഹാജരാക്കാത്തവർക്ക് ധനസഹായം അനുവദിച്ചത് നിർവ്വഹണോദ്യഗസ്ഥന് സംഭവിച്ച വീഴ്ചയാണ്. ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഏറാമല ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ അപൂർണ്ണവും അവ്യക്തവുമാണ്. 2015-16 വർഷം ലഭിച്ച വിവിധ ക്ഷേമപെൻഷൻ അപേക്ഷകളിൽ ഒന്നുപോലും 45 ദിവസത്തിനുള്ളിൽ തീർപ്പാക്കാനായിട്ടില്ല.അപേക്ഷകൾ തീർപ്പാക്കുന്നതിന് ഏഴുമാസം വരെ താമസമുണ്ടാകുന്നുണ്ട്.

ക്ഷേമപെൻഷൻ അപേക്ഷകൾ സമയപരിധിക്കകം തീർപ്പാക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്.അപേക്ഷാ രജിസ്റ്ററുകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി പൂർണ്ണമാക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് പ്രവർത്തികളുടെ ബാഹുല്യം - പദ്ധതികൾ പാഴാകുന്നു

2015-16 വർഷം അംഗീകാരം ലഭിച്ച 119 പൊതുമരാമത്ത് പ്രൊജക്ടുകളിൽ 57 എണ്ണം മാത്രമേ തൻവർഷം നിർവ്വഹണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച 78 പുതിയ പ്രൊജക്ടുകളിൽ 26 എണ്ണവും സ്പിൽ ഓവറായി അംഗീകാരം ലഭിച്ച 49 പ്രൊജക്ടുകളിൽ 31 എണ്ണവും മാത്രമാണ് നിർവ്വഹണം ചെയ്തത്. പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 62194371 രൂപയിൽ 24543011 രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്.

എണ്ണത്തിൽ കൂടുതൽ പ്രോജക്ടുകൾതയ്യാറാക്കുകയും അവയിൽ ഒരുചെറിയശതമാനം മാത്രം നിർവ്വഹണം നടത്തുകയും ചെയ്യുന്നതിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ലംഘിക്കുന്നതിനോടൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാവുന്നുണ്ട്. ഒരു അസിസ്റ്റന്റ് എഞ്ചിനീയറും കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഒരു ഓവർസിയറും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട ഒരു ഓവർസിയറും മാത്രം ഉണ്ടായിരിക്കെയാണ് പഞ്ചായത്ത് ഇത്രയും പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കുന്നത്.ഇത് കാരണം പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സൈറ്റ് സന്ദർശിക്കാൻ സ്റ്റാഫിന് കഴിയണമെന്നില്ല.തൻവർഷത്തെ പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ്.റോഡ് പ്രവർത്തികളിൽ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള ജോലികൾക്കായി

ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം സോളിംഗ് ജോലികൾക്ക് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്യുന്നതായും കാണുന്നു.അത്തരത്തിൽ 18 പ്രവർത്തികൾ തൻവർഷം നടത്തിയിട്ടുണ്ട്.സോൾചെയ്ത റോഡുകളിൽ വർഷങ്ങൾക്ക് ശേഷം മാത്രം ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതായും ഇതുകാരണം പിന്നീട് റീസോളിംഗിനായിഅധികം തുക ചെലവഴിക്കാനും ഇടവരുന്നു.ആയതിനാൽ ഭാഗികമായ റോഡ് നിർമ്മാണത്തിന് ചെറിയതുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കി റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായി ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ടുകളുടെ എണ്ണത്തിൽ കുറവ് വരുത്തി ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി രൂപീകരണത്തിലെയും, നിർവ്വഹണത്തിലെയും മേൽ അപാകതകൾ മൂലം തൻവർഷം പൊതുമരാമത്ത് പ്രവൃത്തികൾക്കായി വയകയിരുത്തിയ 62194371 രൂപയിൽ ആകെ ചെലവായ 24543011 രൂപ കിഴിച്ച് ബാക്കി 37651360 രൂപയുടെ പ്രവൃത്തികൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടാനിടയായിട്ടുണ്ട്.ആയത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 112500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 112500 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ഓർക്കാട്ടേരി. | അംഗൻവാടി ഇലക്ട്രിഫിക്കേഷൻ | 229 Dt.16/06/2015 | 128650 | 128650 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ വടകര | പൈപ്പ് ലൈൻ നീട്ടൽ | 114 Dt.08/03/16<br>394Dt 13/06/15<br>392Dt 13/06/15 | 758630 | 594940 | 0 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ( ഇഎക്സ്.ഇ) | മത്സ്യമാർക്കറ്റ് കെട്ടിട നിർമ്മാണം | 565 Dt.07/10/2015 | 888000 | 0 | 888000 |
| കെ.എസ്.ഇ.ബി ഓർക്കാട്ടേരി. | സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിക്കൽ | 1233 Dt.31/03/2016 | 496260 | 0 | 496260 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 100000 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | രഘു.,കൺവീനർ | പെരുമ്പുഴക്കര താഴ -കണ്ണങ്കരതാഴ ഫുട്പാത്ത്നിർമ്മാണം (MPLADS) | 507/18.09.2015 | 100000 | 0 | 100000 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2178000 രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 2178000 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| മത്സ്യമാർക്കറ്റ് -കെട്ടിട നിർമ്മാണം | കെ.യു.ആർ.ഡി.എഫ്.സി/ജി,പി. 190-2014 തീയതി.29/01/2015 | 2178000 | 0 | 0 | 135052 | 2178000 |
| ഇ.എം.എസ് ഭവന പദ്ധതി. | ജി.ഒ. 332/10 എൽ.എസ്.ജി.ഡി. തിയ്യതി. 29/01/2010 | 0 | 849454 | 567500 | 0 | 281954 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2234999 |
| തൻവർഷം നിക്ഷേപിച്ച തുക | 228484 |
| ആകെ | 2463483 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2463483 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സി.സി.16457 ഇ.എസ്.സി.ബി ഓർക്കാട്ടേരി | 353324 |
| നമ്പർ 20031, തീയതി.17/09/15 | 235919 |
| നമ്പർ 20030, തീയതി.13/09/15 | 247051 |
| നമ്പർ 20029, തീയതി.13/09/15 | 1627189 |
| ആകെ | 2463483 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3787 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2008-09 | 2-2(1) | 250 | ശ്രീ.കുട്ടികൃഷ്ണൻ, സെക്രട്ടറി | 11503103274/ 19.10.15 |
| 2012-13 | 2-2(1) | 3537 | നിഷാന്ത്.കെ.രാമൻ. | 11503104022 /05/12/2015 |

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 7 | 2004-05 | 11.4.1 | തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു. |
| 2000-01 | ഭാഗം 1 | 2005-06 | 67.6.3 | ബജറ്റ് തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും വീഴ്ച |
| 2000-01 | 3-8 | 2005-06 | 67.9.12 | പെൻഷൻ/വേതനം അപാകതകൾ |
| 2001-02 | ഭാഗം 1 | 2005-06 | 67.11.12 | ആഭ്യന്തരനിയന്ത്രണം പാളുന്നു.അപാകതകൾ ഏറുന്നു. |
| 2000-01 | | 2005-06 | 67.14.21 | നികുതി പിരിക്കുന്നതിലെ അലംഭാവം |
| 2009-10 | 3-9 | 2012-13 | 4.7.1 | ആസൂത്രണത്തിലെ പിഴവ് – കമ്യൂണിറ്റിഹാൾ നിർമാണം നിലച്ചു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| സാമ്പത്തിക വർഷം | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39443366 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,82,99,929 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3600 |

| | |
|---|---|
| | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 507388 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം]

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 3600/- | ശ്രീ. നിഷാന്ത്.കെ.രാമൻ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 500000 | ഡോ.ബിന്ദു രാജൻ.എൻ.എം<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-2 | 7388 | ശ്രീ.ശശികുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 | എൽഎഫ്.കെകെഡി(എസ്1)1410/99തീ.8.8.2000 | 1 |
| 1998-99 (ചെലവ്) | എൽഎഫ്.കെകെഡി(എസ്1)922/02തീ.23.1.03 | 15 |
| 1999-00(പ്ലാൻ) | എൽഎഫ്.കെകെഡി(എസ്1)1434/03തീ.25.2.04 | 7 |
| 2000-01(പ്ലാൻ) | എൽഎഫ്.കെകെഡി(എസ്1)1435/03തീ.25.2.04 | 7 |
| 2000-01 (പ്ലാൻ ഒഴികെ) | എൽഎഫ്.കെകെഡി(പി2)341/04 തീ.6.1.15 | 8 |
| 2000-01 | എൽഎഫ്.കെകെഡി(എസ്1)47/05തീ.2.4.05 | 11 |
| 2001-02 (പ്ലാൻ ഒഴികെ) | എൽഎഫ്.കെകെഡി(എസ്1)1151/07തീ.4.4.08 | 8 |
| 2001-02(പ്ലാൻ) | എൽഎഫ്.കെകെഡി(എസ്1)596/03തീ.25.2.04 | 10 |
| 2002-03 | എൽഎഫ്.കെകെഡി(എസ്1)1151/07തീ.4.4.08 | 8 |
| 2003-04 | എൽഎഫ്.കെകെഡി(എസ്2)501/08തീ.14.10.08 | 5 |
| 2004-05 | എൽഎഫ്.കെകെഡി(എസ്1)1151/07തീ.27.9.08 | 11 |
| 2005-06 | എൽഎഫ്.കെകെഡി(എസ്2)535/08തീ.14.10.08 | 16 |
| 2006-07 | എൽഎഫ്.കെകെഡി(എസ്1)850/09തീ.5.1.10 | 27 |
| 2007-08 | എൽഎഫ്.കെകെഡി(എസ്1)1182/10തീ.9.6.11 | 28 |
| 2008-09 | എൽഎഫ്.കെകെഡി(എസ്2)1510/11തീ.5.3.12 | 17 |
| 2009-10 | എൽഎഫ്.കെകെഡി(എസ്2)1511/11തീ.14.5.12 | 33 |
| 2010-11,2011-12 | എൽഎഫ്.കെകെഡി(പി5)1724/13തീ.30.1.14 | 17 |
| 2012-13, 2013-14 | എൽഎഫ്.കെകെഡി(പി5)364/16തീ.05.03.2016 | 16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി5/1146/2016. | 15 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി പി5/2107/16.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഫോൺ: 04952371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി: 30-11-2016

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ഏറാമല ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏറാമല ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA KKD/P5-2107/2016.

Kerala State Audit Department,
District Audit Office,Civil station, Kozhikode
Phone:04952371012
Email:- dokkd.ksad.kerala.gov.in
Dated: 30-11-2016

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Eramala Grama Panchayat** in Kozhikode District for the year ended on 31-03-2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statement of **Eramala Grama Panchayat** for the year 2015-16 except the observations in My audit report properly presents the picuture of income and expenditure.

**Deputy Director**

**KERALA STATE AUDIT DEPARTMENT.**